സുപ്രഭാതം

06 January 2020

# സി.എം.എഫ്.ആർ.ഐയിൽ കടൽവിഭവങ്ങളുടെ ഭക്ഷ്യമേള എട്ടുമുതൽ

കൊച്ചി: നീരാളി വിഭവങ്ങൾ, കല്ലുമ്മക്കായ നിറച്ച് പൊരിച്ചത്, ചെമ്മീൻ, കൂന്തൽ, ഞണ്ട് രുചിക്കൂട്ടുകൾ, ജീവനുള്ള കടൽ മുരിങ്ങ തുടങ്ങി കലർപ്പില്ലാത്ത കടൽ വിഭവങ്ങളുടെ സ്വാദറിയാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) വരാം. എട്ട് മുതൽ മൂന്ന് ദിവസം സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന കടൽവിഭവങ്ങളുടെ മേളയിൽ വൈവിധ്യമായ ഭക്ഷ്യവിഭവങ്ങൾക്കൊപ്പം, കൃഷിയിടങ്ങളിൽ നേരിട്ടെത്തിച്ച പിടയ്ക്കുന്ന മീനുകളും അലങ്കാരമത്സ്യങ്ങളും ലഭ്യമാകും. സമുദ്രമത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എം.ബി.എ.ഐ) സംഘടിപ്പിക്കുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയത്തിന്റെ (മീകോസ്3) ഭാഗമായാണ് പൊതുജനങ്ങൾക്കായി ഭക്ഷ്യമേള ഒരുക്കുന്നത്.

നീരാളി ബിരിയാണി, പുട്ട്, റോസ്റ്റ്, മൊമോ തുടങ്ങിയ വിഭവങ്ങൾ മേളയിൽ ലഭിക്കും. അനേകം പോഷകഗുണങ്ങളടങ്ങിയിട്ടുള്ള മികച്ച കടൽഭക്ഷ്യവമാണ് നീരാളി. എന്നാൽ ആഭ്യന്തര വിപണികളിൽ ഇവ ആവശ്യത്തിന് ലഭ്യമല്ല. ഒമേഗ 3 ഫാറ്റി ആസിഡ് ധാരാളം അടങ്ങിയിട്ടുള്ള നീരാളി ഭക്ഷ്യവിഭവം അമിതരക്ത സമർദം കുറയ്ക്കുന്നതിനും രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും ഉത്തമമാണ്. നീരാളി വിഭവത്തിന്റെ ഗുണമേൻമയെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ഇതിനെ ജനകീയമാക്കലും സി.എം.എഫ്.ആർ.ഐയിലെ കടൽഭക്ഷ്യമേളയുടെ ലക്ഷ്യമിടുന്നുണ്ട്. ഉച്ചയ്ക്ക് 12 മുതലാണ് ഭക്ഷ്യമേള തുടങ്ങുക. രാത്രി എട്ട് വരെ നീണ്ടു നിൽക്കും. പ്രവേശനം സൗജന്യമാണ്.